ശ്രീ. കെ. കരുണാകരൻ : കേന്ദ്ര സർവ്വീസിലുള്ളതുപോലെ, ടൈപ്പ്റൈറ്റിംഗ് പാസ്സായവരെ ക്ലാർക്കുമാരാക്കാനും ടൈപ്പ്റൈറ്റിംഗ് ഒരു സ്പെഷ്യൽ ഡ്യൂട്ടിയായി പരിഗണിക്കാനും തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇതു ലോവർ ഗ്രേഡുകാരെ പ്രമോട്ട ചെയ്യുന്നതു സംബന്ധിച്ച ചോദ്യമാണു്. അതുകൊണ്ടു് ഇപ്പോഴും പറയാൻ കഴിയുകയില്ല.

കാർഷിക കാളേജ് പ്രിൻസിപ്പലിന്റെ പേരിൽ നടപടി

* 59. [146] ശ്രീ. എസ്. ദാമോദരൻ :
,, പി. ജി. പുരുഷോത്തമൻ പിള്ള :
,, വി. വി. കുഞ്ഞമ്പു :
,, എ. എസ്. എൻ. നമ്പീശൻ :
,, ടി. കെ. രാമകൃഷ്ണൻ :
,, വി. എസ്. അച്യുതാനന്ദൻ :
,, സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കാളേജ് പ്രിൻസിപ്പൽ സി. കെ. എൻ. മേനോന്റെ പേരിൽ നടപടി എടുക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ;

(ബി) എന്തു ശിക്ഷണ നടപടി സ്വീകരിച്ചു ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) കാർഷിക കാളേജ് പ്രിൻസിപ്പൽ ആയിരുന്ന ഡാ. സി. കെ. എൻ. നായരുടെ പേരിൽ ഔദ്യോഗിക ക്രമക്കേടുകൾ ആരോപിച്ചുകൊണ്ടുള്ള പരാതി കിട്ടിയതിന്റെ ഫലമായി നടപടി എടുക്കേണ്ടിവന്നു. കുറാരോപണത്തെപ്പറ്റി അന്വേഷണത്തിനുശേഷം ലഭിച്ച റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എസ്. ദാമോദരൻ : ഈ സസ്പെൻഷൻ നടപടിക്കുശേഷം ആ ഉദ്യോഗസ്ഥൻ ചെയ്ത പരസ്യപ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിന്മേൽ നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : പത്രത്തിൽ കണ്ടു. അതനുസരിച്ചു് ചീഫ് മിനിസ്റ്റർ അദ്ദേഹത്തോടു സമാധാനം ആവശ്യപ്പെട്ടിരുന്നു. സമാധാനം കിട്ടി എന്നാണു് ഓർമ്മ. എന്തായി എന്നു പറയാൻ കഴിയുകയില്ല.

ശ്രീ. എസ്. ദാമോദരൻ : പരസ്യപ്രസ്താവനയ്ക്കുത്തു പറഞ്ഞിരുന്ന വസ്തുതകളെക്കുറിച്ചു് ആലോചിച്ചിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ചോദ്യം ഇതുമായി ബന്ധമില്ല.

പോലീസുദ്യോഗസ്ഥന്മാർക്കു് സംഘടനാ സ്വാതന്ത്ര്യം

* 60 (147) ശ്രീ.എം.രാമുണ്ണി: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസുദ്യോഗസ്ഥന്മാർക്കു് സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുവാൻ ഈ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly